**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1312** **27-07-2021 - ൽ മറുപടിയ്ക്ക്**

**കെ - റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2010-ൽ കേന്ദ്ര റെയിൽവേ മന്ത്രാലയം ലാഭകരമാണെന്ന് കണ്ടെത്തിയ ഫെറോക്കിൽ നിന്നും കരിപ്പൂരിലെ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം വഴി അങ്ങാടിപ്പുറം വരെയുള്ള റെയിൽവേ ലൈൻ യാഥാർത്ഥ്യമാക്കുവാൻ സർക്കാർ ഇടപെടൽ നടത്തുമോയെന്ന് അറിയിക്കാമോ? | (എ) | 2010 ൽ കേന്ദ്ര റെയിൽവേ മന്ത്രാലയം ലാഭകരമാണെന്ന് കണ്ടെത്തിയ ഫെറോക്കിൽ നിന്നും കരിപ്പൂരിലെ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം വഴി അങ്ങാടിപ്പുറം വരെയുള്ള റെയിൽവേ ലൈൻ യാഥാർത്ഥ്യമാക്കുവാൻ സർക്കാർ തലത്തിൽ ഇടപെടലുകൾ നടത്തിവരികയാണ്. 2010 ൽ സർവ്വേ പൂർത്തീകരിച്ച അങ്ങാടിപ്പുറം - ഫറോക്ക് റെയിൽ പാത പിന്നീട് ലാഭകരമായി കണ്ടെത്തുകയും തുടർന്ന് റെയിൽവേ ആസൂത്രണ കമ്മീഷന്റെ അംഗീകാരത്തിനായി പദ്ധതി സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് 2010 ൽ നിലമ്പൂർ - നഞ്ചൻകോട് പദ്ധതിക്കൊപ്പം അങ്ങാടിപ്പുറം - ഫറോക്ക് പദ്ധതിക്ക് ആസൂത്രണ കമ്മീഷൻ അംഗീകാരം നൽകുകയും ചെയ്തു. കൂടാതെ അങ്ങാടിപ്പുറം - ഫറോക്ക് റെയിൽ പാത പദ്ധതി കേന്ദ്ര സർക്കാരിന്റെ "വിഷൻ 2020" പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. അതേസമയം തന്നെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് തിരൂർ-മലപ്പുറം-അങ്ങാടിപ്പുറം റെയിൽ ലൈനിനു സർവ്വേ നടത്തുകയും കോഴിക്കോട് പാലക്കാട് റൂട്ടിലെ അങ്ങാടിപ്പുറം റെയിൽ പാത ഒറ്റപ്പാലം വരെ നീട്ടുന്നത് പ്രയോജനകരമാണെന്ന് കണ്ടെത്തുകയും ചെയ്തു. അതിനാൽ 2012-13 റെയിൽവേ ബഡ്ജറ്റിൽ ഇതുമായി ബന്ധപ്പെട്ട് ഉള്ള വിശദ സർവ്വേക്ക് ഫണ്ട് അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ പദ്ധതിക്ക് വേണ്ടത്ര പുരോഗമനം ഉണ്ടാകാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാൻ കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ